# വാഗ്ദത്ത പേടകം പ്രദർശിപ്പിക്കുമെന്ന് എത്യോപ്യൻ പാത്രിയാർക്കീസ്

**മാത്യു ചെമ്പുകണ്ടത്തിൽ**



വാഗ്ദത്തപെട്ടകം ചിത്രകാരന്മാരുടെ ഭാവനയിൽ

ലണ്ടൻ: ''യഹോവയുടെ പെട്ടകം'' വീണ്ടും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുമെന്ന് എത്യോപ്യൻ ഓർത്തഡോക്സ് ചർച്ച് പാർത്രിയാർക്കീസ് അബൂണാ പൗലോസിന്റെ പ്രഖ്യാനം വളരെ കൗതുകത്തോടെയാണ് ലോകമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത്.  എന്നാൽ ജൂൺ 25ന് പോപ്പുമായുള്ള കൂടിക്കാഴ്ച യ്ക്കൊടുവിൽ പാർത്രിയാക്കീസ് പ്രഖ്യാപനം തിരുത്തി. തന്റെ അധികാരപരിധിയിലുള്ള എത്യോപ്യയിലെ ആക്സൂമിലെ സെന്റ് മേരീസ് ദേവാലയത്തിൽ വാഗ്ദത്തപെട്ടകം സ്ഥിതിചെയ്യുന്നു എന്ന് താൻ സാക്ഷ്യപ്പെടുത്തുന്നു എന്നു മാത്രം പറഞ്ഞ് പെട്ടകപ്രദർശനത്തിൽനിന്ന് പാർത്രിയാർക്കീയ് പിന്മാറി.

ലോകത്തിലെ ഏറ്റവും മൂല്യവത്തായ ഈ പെട്ടകം മ്യൂസിയത്തിൽ പരസ്യമാക്കുന്നതിനേക്കാൾ അത് ഇപ്പോൾ ഇരിക്കുന്ന ദേവാലയത്തിൽതന്നെ തുടർന്നും സൂക്ഷിച്ചാൽ മതിയെന്നാണ് പാർത്രിയാർക്കീസ് പറയുന്നത്.



ചിത്രം:എത്യോപ്യൻ ഓർത്തഡോക്സ് ചർച്ച് പാർത്രിയാർക്കീസ് അബൂണാ പൗലോസ്.

ന്യായപ്രമാണത്തിന്റെ തുകൽ ചുരുളുകളും അഹരോന്റെ തളിർത്ത വടിയും മന്നയിട്ട പൊൻപാത്രവുമായി ഇസ്രായേലിന്റെ കൂടെ, അഥവാ ഇസ്രായേൽ പിൻപറ്റിയ ഈ പേടകം നെബുക്കദ്നേസറുടെ ഇസ്രാൽ അധിനിവേശം വരെയും സോളമന്റെ ദേവാലയത്തിൽ സ്ഥിതിചെയ്തിരുന്നതായി ബൈബിൾ രേഖകളുണ്ട്. എന്നാൽ, എഡി 586ൽ നെബുക്കദ്നേസറുടെ സൈന്യം ജെറുസലേം ദേവാലയം തകർത്ത് ദേവാലയത്തിലെ പൊൻപാത്രങ്ങളെയും വിശുദ്ധവസ്തുക്കളെയും ബാബിലോണിലേക്ക് കൊൺടുപോയെങ്കിലും ആ കൂട്ടത്തിൽ വാഗ്ദത്ത പേടകം ഉൾപ്പെട്ടതായി രേഖകളില്ല. മോശ, അഹറോൻ എന്നീ ആദ്യകാല പ്രവാചകന്മനാർ മുതൽ ദാനിയേലിന്റെ കാലം വരെയും ഇസ്രായേലിന്റെ ചരിത്രത്തിന്റെ ഭാഗമായിരുന്ന വാഗ്ദത്തപേടകത്തിന് പിന്നീട് എന്തു സംഭവിച്ചുവെന്നത് ഇന്നും അജ്ഞാതമാണ്. എന്നാൽ, ഇത് ഇപ്പോൾ എത്യോപ്യയിൽ ഉൺടെന്നും നൂറ്റാൺടുകളായി എത്യോപ്യൻ ഓർത്തഡോക്സ് സഭ ഇത് പരിപാലിക്കുന്നുവെന്നുമാണ് എത്യോപ്യൻ പാർത്രിയാർക്കീസ് പറയുന്നത്.

വാഗ്ദത്ത പേടകം നൂറ്റാൺടുകളായി എത്യോപ്യയിൽ ഉൺട്. സഭയുടെ പാർത്രിയാർക്കീസ് എന്ന നിലയിൽ ഞാൻ ഇത് എന്റെ സ്വന്തം കണ്ണുകൾകൊൺട് കാണിട്ടുൺട്. കൂടാതെ സഭയിലെ പണ്ഡിതന്മാരായ ഏതാനും പേരും ഇതിനു സാക്ഷികളാണ്.

ദൈവം മോശയ്ക്കു നൽകിയ പ്രകാരം പ്രത്യേക അളവും വസ്തുക്കളുംകൊൺടാണ് വാഗ്ദത്ത പേടകം നിർമിക്കുന്നത്. ഇസ്രായേൽമക്കളുടെ മരുഭൂമി പ്രായണകാലത്ത് പുരോഹിതന്മാരുടെ നേതൃത്വത്തിലുള്ള സംഘം ഭയഭക്തിയോടെയായിരുന്നു ഈ പേടകത്തെ സമീപിച്ചിരുന്നത്. ജെറീക്കോ മതിൽ തകർക്കുന്ന രംഗത്തിലും ചില യുദ്ധവേളയിലും ഇസ്രായേൽ വാഗ്ദത്ത പേടകവുമായി രംഗത്തെത്തുന്നു. പേടകം ശത്രുക്കൾ കൊൺടുപോവുകയും എന്നാൽ യാതൊരു ദോഷവും സംഭവിക്കാതെ ഇസ്രായേലിന് തിരികെ ലഭിക്കുകയും ചെയ്യുന്നു.

## എത്യോപ്യൻ വാദഗതിയുടെ അടിസ്ഥാനമുൺടോ?

## വാഗ്ദത്തപേടകം എങ്ങനെ എത്യോപ്യയിൽ എത്തി?




വാഗ്ദത്തപെട്ടകത്തിന്റെ മധ്യഭാഗത്ത് മന്നയിട്ടുവച്ചിരിക്കുന്ന പൊൻപാത്രവും അഹരോന്റെ തളിർത്ത വടിയും ന്യായപ്രമാണത്തിന്റെ ചുരുളുകളും (ചിത്രകാരന്റെ ഭാവന)

ഇസ്രായേൽ രാജാവായിരുന്ന സോളമനാണ് ആദ്യത്തെ ദേവാലയം നിർമിക്കുന്നത്. ഈ കാലത്ത് സോളമന്റെ ബുദ്ധി പരീക്ഷിക്കുന്നതിനായി ഷേബായിലെ രാജ്ഞി അദ്ദേഹത്തെ സന്ദർശിക്കുന്നു. ഈ കാലത്ത് രാജ്ഞി സോളമനിൽനിന്ന് ഗർഭംധരിച്ചുവത്രേ. തിരികെ തന്റെ രാജ്യത്ത് എത്തിച്ചേർന്ന രാജ്ഞി ഒരു മകനെ പ്രസവിച്ചു. അവനാണ് മെനലിക്. ഈ രാജവംശമാണ് എത്യോപ്യയിൽ ഇന്നുള്ള രാജവംശം. പ്രായപൂർത്തിയായ മെനലിക് തന്റെ പിതാവിന്റെ കൊട്ടാരം സന്ദർശിച്ചു. അവിടെ മെനലിക്കിന് വലിയ സ്വീകരണം ലഭിച്ചു. ഏതാനും നാളുകൾക്കുള്ളിൽ ദേവാലയത്തിലെ വാഗ്ദത്ത പേടകവും തട്ടിയെടുത്ത് അദ്ദേഹം എത്യോപ്യയിലെത്തിച്ചേർന്നു. പിന്നീട് ഇത് എത്യോപ്യയിലെ വിവിധ രാജഗ്രഹങ്ങളിലും തുടർന്ന് എത്യോപ്യൻ ഓർത്തഡോക്സ് ചർച്ചിന്റെ കൈയിലുമായി. എത്യോപ്യരാജ്ഞിയുടെ ഭണ്ഡാരവിചാരകനായ ഷണ്ഢനാണ് എത്യോപ്യയിൽ ക്രിസ്തുവിശ്വാസം പ്രചരിപ്പിച്ചത്. ആദിമസഭ ഇസ്രായേയിൽ നിലവിൽ ഉൺടായിരുന്നപ്പോൾ മുതൽ എത്യോപ്യയിൽ ക്രൈസ്തവസഭാ പ്രവർത്തനങ്ങൾ തുടങ്ങിയെന്നാണ് പാരമ്പര്യ വിശ്വാസം.

വാഗ്ദത്ത പേടകം എന്തുചെയ്യണമെന്ന് മിശിഹായുടെ രൺടാം വരവിൽ മശിഹാ തീരുമാനിക്കുമെന്നാണ് എത്യോപ്യൻ വിശ്വാസികൾ പാരമ്പര്യമായി വിശ്വസിക്കുന്നത്.

## ചരിത്രകാരന്മാരുടെ വിശ്വാസം



**വാഗ്ദത്തപെട്ടകം യെരുശലേം ദേവാലയത്തിൽ യഹോവയുടെ തേജസിനു മധ്യേ അതിവിശുദ്ധസ്ഥലത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത് .ചിത്രകാരന്റെ ഭാവനയിൽ.**

വാഗ്ദത്തപെട്ടകം നിഗൂഢതകളുടെ പെട്ടകമായി നിലകൊള്ളുമ്പോഴും ചരിത്രവും ദൈവവചനവും രണ്ട് വ്യത്യസ്ത ദിശകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ദൈവലയം നിർമിച്ചവേളയിൽ സോളമൻ രാജാവിന്റെ പ്രത്യേക നിർദേശപ്രകാരം ശിൽപ്പികൾ ഒരു ഭൂഗർഭതുരങ്കം നിർമിച്ചിരുന്നതായി പാരമ്പര്യമായി യഹൂദർ വിശ്വസിക്കുന്നു. ദേവാലയത്തിന് ശത്രുവിന്റെ ആക്രമണമുണ്ടാവുകയാണെങ്കിൽ അതിവിശുദ്ധസ്ഥലത്ത് നിയമപെട്ടകം സ്ഥിതിചെയ്യുന്ന സ്ഥലം താഴ്ന്നുപോകുമെന്നും ലേവ്യപുരോഹിതർ ഉടനെ പെട്ടകം ഈ തുരങ്കത്തിലൂടെ സുരക്ഷിതസ്ഥലത്ത് എത്തിക്കുമെന്നുമാണ് ഇവർ കരുതുന്നത്. അതോടെ നിയമപെട്ടകം മനുഷ്യന്റെ മറവിയിലേക്കും ക്രമേണ ആരും അതേക്കുറിച്ച് സംസാരിക്കാതെയുമിരിക്കുമത്രേ. ഈ വാഗദതിക്ക് ജെറമിയാ പ്രവചനം അടിവരയിടുന്നു. ജെറമിയ 3:16ൽ രേഖപ്പെടുത്തിയത്: ''ഞാൻ നിങ്ങൾക്ക് എന്റെ മനസ്സിനൊത്ത ഇടയന്മാരെ നൽകും; അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടുംകൂടെ മേയിക്കും. അങ്ങനെ നിങ്ങൾ ദേശത്തു വർദ്ധിച്ചുപെരുകുമ്പോൾ ആ കാലത്ത്: യഹോവയുടെ നിയമപെട്ടകം എന്നു ഇനി പറയുകയില്ല. അത് മനസ്സിൽ വരികയില്ല, അതിനെ ഓർക്കയില്ല, ചെന്നു കാണികയില്ല, ഇനി അത് ഉൺടാക്കുകയുമില്ല'' എന്ന് യഹോവയുടെ അരുളപ്പാട്.

ബാബിലോൺ അധിനിവേശം നടക്കുന്ന സമയം യഹോവയുടെ നിയമപെട്ടകം ലേവ്യപുരോഹിതന്മാർ പ്രസ്തുത തുരങ്കത്തിലൂടെ സുരക്ഷിതമായി എവിടെയോ ഒളിപ്പിച്ചുവെന്ന് വിശ്വസിക്കുന്നതിനാൽ എത്യോപ്യൻ വാദഗതികളെ ഇസ്രായേൽ വലിയ കാര്യമായിട്ട് എടുത്തിട്ടില്ല.



**എത്യോപ്യയിലെ ആക്സൂമിലുള്ള സെന്റ് മേരീസ് ദേവാലയം. ഇവിടെയാണ് യഥാർത്ഥ വാഗ്ദത്തപെട്ടകം സൂക്ഷിച്ചിരിക്കുന്നതെന്നാണ് എത്യോപ്യൻ ഓർത്തഡോക്സ് പാർത്രിയാർക്കീസ് അവകാശപ്പെടുന്നത്.**

ഷേബാ രാജ്ഞിയുടെ മകൻ വാഗ്ദത്ത പെടകത്തെ എത്യോപ്യയിൽ വച്ചിരുന്നുവെങ്കിൽ ജെറമിയാ പ്രവചനം നിറവേറി എന്നു പറയാനൊക്കില്ല. കൂടാതെ, ആ സംഭവം നടക്കുന്നതിനു മുമ്പുള്ള പ്രവാചകന്മാരോ അതിനുശേഷമുള്ള ദൈവവചന ഗ്രന്ഥകാരോ ഈ സംഭവത്തെക്കുറിച്ച് നിശ്ശബ്ദരാകും എന്നും കരുതാനൊക്കില്ല. ദേവാലയനാശവും പ്രവാസവും തുടങ്ങി യഹൂദനെ സംബന്ധിക്കുന്ന എല്ലാ പ്രധാന സംഭവങ്ങളും പ്രവചനങ്ങളിൽ പ്രത്യക്ഷമാകുമ്പോൾ, അവർക്ക് എല്ലാമെല്ലാമായിരുന്ന യഹോവയുടെ വാഗ്ദത്തപെട്ടകത്തെക്കുറിച്ച് പ്രവചിക്കാതിരിക്കില്ലല്ലോ. ജെറമിയാ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ എത്യോപ്യൻ സിദ്ധാന്തത്തിന് വാദഗതിയില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

ഇതോടൊപ്പം, വെളിപ്പാടു പുസ്തകം 11:19ൽ രേഖപ്പെടുത്തിയ വചനപ്രകാരം ''അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി'' എന്ന വാക്യവും ശ്രദ്ധയമാകുന്നു.

ലേവ്യപുരോഹിതന്മാർ വാഗ്ദത്ത പേടകത്തെ ഇസ്രായേലിൽ എവിടോ ഒളിച്ചുവച്ചിരിക്കുന്നു എന്ന വിശ്വാസത്തിന് പിൻബലമേറുമ്പോൾ, വാഗ്ദത്തപെട്ടകം ഇനി കാണുകയില്ല എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുമ്പോൾ പിന്നെ എത്യോപ്യൻ പേടകം എന്ത്? തങ്ങളുടെ പാരമ്പര്യമൂല്യം കണ്ടെത്താൻ എത്യോപ്യൻ ഓർത്തഡോക്സ് സഭ നടത്തുന്ന ചില തന്ത്രങ്ങൾ അല്ലാതെ ഇത് മറ്റൊന്നും ആകില്ല.

---------------------------------------------------------------

